LIBRARY ARCHIVES Kerala Legislative Assembly

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

172 (4235) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എത്ര തുക ലഭിച്ചു എന്നും, ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് അവ ലഭ്യമായതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി, എപ്പോൾ പൂർത്തീകരിക്കാനാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 3.53 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്നും പെരുവാക്കുന്നതിനായി 25 ലക്ഷം രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടിയിട്ടുണ്ട്. തുക ലഭിച്ചിട്ടില്ല.

(ബി) തുക ലഭിച്ചിട്ടില്ല.

(സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിന് അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ. മാരാണ് മുൻകൈയെടുക്കേണ്ടത്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആവശ്യമായ തുക ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നോ ബി.ആർ.ജി.എം.പി./എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നോ ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെയോ ആർ.ജി.ജി.വി.യുടെ പദ്ധതികളിലൂടെയോയാണ് സ്വരൂപിക്കേണ്ടത്. ബാക്കി വേണ്ടി വരുന്ന തുകയുടെ 50% (പരമാവധി ഒരു കോടി രൂപ) ബോർഡ് ഫണ്ടിൽ നിന്നും ചിലവഴിക്കുന്നതാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പുരോഗതി

173 (4236) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ ;